(ബി) പുതിയ റേഷൻ കാർഡിനുവേണ്ടി എല്ലാ രേഖകളുമായി ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി കുടുംബശ്രീ മുഖാന്തിരം കമ്പ്യൂട്ടർ വഴി കാർഡിൽ വിവരങ്ങൾ രേഖപ്പെടുത്തി വിതരണം ചെയ്യുന്നതിന് ഒരു നിശ്ചിത സമയം ആവശ്യമാണ്. പുതിയ കാർഡുകളുടെ വിതരണം ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ റേഷൻ കാർഡിന് ആവശ്യമായ എല്ലാ രേഖകളോടും കൂടി അപേക്ഷിക്കുന്നവർക്ക് അന്നുതന്നെ പുതിയ റേഷൻ കാർഡ് നൽകുന്നതിനും ഏതെങ്കിലും രേഖകളുടെ അഭാവത്തിലാണെങ്കിൽ ആയതിനുള്ള പരിഹാര നിർദ്ദേശങ്ങൾ അപ്പോൾതന്നെ നൽകി എത്രയും പെട്ടെന്ന് പുതിയ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും ആവശ്യമായ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മണ്ണാശ്ശേരി അങ്ങാടിയിൽ മാവേലി സ്റ്റോർ

66 [1963] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിൽ മണ്ണാശ്ശേരി അങ്ങാടിയിൽ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി കൈക്കൊണ്ട നടപടി വിശദമാക്കുമോ ;

(സി) പ്രസ്തുത മാവേലി സ്റ്റോർ എന്നത്തേക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ബാധകമല്ല.

കുന്ദമംഗലത്ത് ലാഭം മാർക്കറ്റും മെഡിക്കൽ സ്റ്റോറും ആരംഭിക്കാൻ നടപടി

67 [1964] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് ലാഭം മാർക്കറ്റും മെഡിക്കൽ സ്റ്റോറും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly